
സ്വപ്നാ പിക്ചേഴ്സ്

# കാക്കത്തമ്പുരാട്ടി

കഥ, സംഭാഷണം
ശ്രീകുമാരൻ തമ്പി
സംവിധാനം
പി. ഭാസ്കരൻ



RAJSHRI RELEASE

# തിരയിൽ

പ്രേംനസീർ ... നാണു
മധു ... രാജപ്പൻ
കൊട്ടാരക്കര ശ്രീധരൻ നായർ ... കുഞ്ഞുപണിക്കൻ
പി. ജെ. ആൻറണി ... കൊച്ചുപപ്പു
ജി. കെ. പിള്ള ... കടുവാ വാസു
അടൂർ ഭാസി ... കുട്ടപ്പൻ
ശങ്കരാടി ... കിട്ടു ആശാൻ
ലത്തീഫ് ... വേലു
പോൾ വെങ്ങോല ... മന്തൻ പപ്പനാവൻ
അരവിന്ദാക്ഷൻ ... ശങ്കരൻ
കുട്ടൻപിള്ള ... വൈദ്യൻ
പത്മകുമാർ ...രാഷ്ട്രീയപ്രവർത്തകൻ
ഭാസ്കരൻ നായർ ...രാഷ്ട്രീയപ്രവർത്തകൻ
പത്രോസ് കുന്ദംകുളം ... സോഡാക്കാരൻ പയ്യൻ
വിജയൻ പള്ളിക്കര ... ന്യൂസ് ഏജൻറ്
ശാരദ ... ജാനമ്മ
ജയഭാരതി ... സരള
അടൂർ ഭവാനി ... കൊച്ചിരിക്കാളി
ശ്രീലത ... ദേവയാനി
ഖദീജ ...ചുണ്ണാമ്പുകാരി നാണി

— കൂടാതെ —

വീരൻ (ഗസ്റ്റ് ആർട്ടിസ്റ്റ്) ... കാരണവർ

**— നർത്തകികൾ —**

രാജം ... സ്വർണ്ണമുഖി

**— പാടിയവർ —**

യേശുദാസ് ... ജാനകി ... ജയചന്ദ്രൻ

# കാക്കത്തമ്പുരാട്ടി

## ★ കഥയുടെ രൂപരേഖ ★

സൗന്ദര്യം ശാപമായിത്തീൎന്ന ഒരു നിൎദ്ധനയുവതിയുടെ നിശ്ശബ്ദ വേദനയുടെ കഥയാണ് "കാക്കത്തമ്പുരാട്ടി"! ദുഃഖത്തിന്റെ നനവാൎന്ന ചിറകുകളുള്ള ഒരു കാക്കത്തമ്പുരാട്ടിയുടെ കഥ!

അമ്പലപ്പുഴ ഗ്രാമത്തിൽ അറപ്പുകാരൻ കൊച്ചുപപ്പുവിന്റെ രണ്ടുപെൺമക്കളിൽ മൂത്തവളായി ജാനമ്മ ജനിച്ചു. അമ്മയുടെ ലാളനയേല്ക്കാൻ ഭാഗ്യം ലഭിക്കാതെപോയ അനുജത്തി സരളയും അച്ഛനുമൊത്ത് ഏകാന്തസുന്ദരമായ ജീവിതം നയിക്കുമ്പോഴാണ് വരയൻമീശയും, തിളങ്ങുന്ന കണ്ണുകളുമുള്ള ഒരു ചെറുപ്പക്കാരൻ അവളുടെ മനസ്സിന്റെ കിളിവാതിൽ തുറന്നത്. ഹരിപ്പാട്ടുനിന്നും ഉടമ്പടിജോലിക്ക് അമ്പലപ്പുഴയിൽ വന്നതാണ് അറപ്പുകാരൻ രാജപ്പൻ. ജോലിസ്ഥലത്തുവെച്ച് കൊച്ചുപപ്പുവും രാജപ്പനും തമ്മിലടുത്തു. ആ ബന്ധം ക്രമേണ വികസ്വരമായപ്പോൾ ജാനമ്മയുടെ ഏകാന്തതയും സമാധാനവും ഉലഞ്ഞുതുടങ്ങി. രാജപ്പൻ അവളെ "കാക്കത്തമ്പുരാട്ടി" എന്നു വിളിച്ചപ്പോൾ അവൾ അവളെത്തന്നെ മറന്നുപോയി. മകന്റെ പ്രേമരഹസ്യമറിഞ്ഞ കുഞ്ഞുപണിക്കനും കൊച്ചിരിക്കാളിയും ആദ്യം ആ വിവാഹത്തെ എതിൎത്തെങ്കിലും ഒടുവിൽ അവർ രാജപ്പന്റെ ഇംഗിതത്തിനു വഴങ്ങി. അങ്ങനെ ആ വിവാഹം നടന്നു.

എന്നാൽ ഭൎത്തൃഗൃഹത്തിൽ അവൾക്കൊരു സമാധാനവും ലഭിച്ചില്ല. ധാരാളിത്തം മാത്രം കൈമുതലായുള്ള കൊച്ചുപപ്പുവിന് അരപ്പവന്റെ മിന്നുമാലപോലും മകൾക്കുവേണ്ടി സമ്പാദിക്കാൻ കഴിഞ്ഞില്ല. അമ്മായിയമ്മയുടെയും അസൂയാലുവായ അയല്ക്കാരി ദേവയാനിയുടെയും അൎത്ഥഗൎഭമായ വാക്ശരങ്ങൾ ജാനമ്മയെ തളൎത്തി "കൂനിന്മേൽകുരു" എന്ന മട്ടിൽ മറ്റൊരനൎത്ഥം കൂടിവന്നുപെട്ടു. ഹരിപ്പാട്ടെ ഒരു സ്ത്രീലമ്പടനും മുറുക്കാൻ കച്ചവടക്കാരനുമായ കട്ടവവാസുവും അവന്റെ ശിങ്കിടിയായ നാണുവും മുമ്പൊരിക്കൽ അമ്പലപ്പുഴയിൽ കളഭംതൊഴാൻ പോയപ്പോൾ വഴിവക്കിൽ വെച്ച് ജാനമ്മയെ കണ്ടിരുന്നു. അവളുടെ

അകൃത്രിമസൗന്ദര്യം വാസുവിനെ ആകർഷിക്കുകയും ചെയ്തിരുന്നു. ജാനമ്മ കേവലം ഒരു തൊഴിലാളിയുടെ ഭാര്യയായി സ്വന്തം നാട്ടിൽ വന്നപ്പോൾ വാസുവിന്റെ കുബുദ്ധി പ്രവർത്തിച്ചു. അവൾ തന്റെ രഹസ്യകാമുകിയാണെന്ന് അവൻ തട്ടിവിട്ടു. നാണു അത് ഏറ്റുപാടിനടന്നു. ബാർബർ കിട്ടുവിന്റെ ഭാര്യദേവയാനിയും ചുണ്ണാമ്പുവില്പനക്കാരി നാണിയും ആ വാർത്തയും പരസ്യംനല്കി. അമ്പലക്കുളവും, ഇടവഴികളും ബാർബർഷാപ്പും ആ വാർത്ത ഏറ്റുപറഞ്ഞു. കിട്ടുവിൽനിന്നു് അടിസ്ഥാനരഹിതമായ ആ അത്ഭുതവാർത്ത സ്ഥലത്തെ വലിയ ജന്മിയും കേട്ടറിഞ്ഞു. തന്റെ കുടികിടപ്പുകാരനായ കുഞ്ഞുപണിക്കനെ വിളിച്ച് അയാൾ ശകാരിച്ചതോടെ ജാനമ്മയുടെ ദുഃഖത്തിന്റെ ഏററവും വലിയ കാർമേഘം ഉരുണ്ടുകൂടി. അവളുടെ ഭാഗത്തുനില്ക്കാൻ, ആ കണ്ണീരിനുവിലനല്കാൻ ആരുമുണ്ടായില്ല. എന്തിനധികം? രാജപ്പൻ പോലും അവളെ സംശയിച്ചു. അവൻ വീട്ടിലില്ലാതിരുന്ന ഒരു രാത്രിയിൽ കുഞ്ഞുപണിക്കൻ ബലംപ്രയോഗിച്ച് മരുമകളെ അവളുടെ വീട്ടിൽ കൊണ്ടുപോയിവിട്ടു. കുഞ്ഞുപണിക്കനും കൊച്ചുപപ്പുവും ഏറ്റുമുട്ടി. ഒരിക്കലും അടുക്കാനാവാത്തവിധം അവർ അകലുകയും ചെയ്തു. രാജപ്പനോടും അവന്റെ മാതാപിതാക്കളോടും പകരംവീട്ടുമെന്ന് കൊച്ചുപപ്പു ദൃഢവ്രതമെടുത്തു. എന്നാൽ രാജപ്പനെ മറക്കാനോ വെറുക്കാനോ ജാനമ്മയ്ക്കുകഴിഞ്ഞില്ല. എല്ലാം കലങ്ങിതെളിയുമെന്ന ശുഭാപ്തി വിശ്വാസവുമായി അവൾ കഴിഞ്ഞു. സരള എന്നും ചേച്ചിയെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു.

പ്രതികാരചിത്തനായ കൊച്ചുപപ്പു ചിട്ടിക്കുചേരാനുള്ള ഫാറമാണെന്നു കള്ളം പറഞ്ഞ് വിവാഹമൊഴിയാനുള്ള ഫാറത്തിൽ ജാനമ്മയെക്കൊണ്ട് ഒപ്പിടുവിച്ചു. രജിസ്റ്റർ നോട്ടീസുകിട്ടിയ രാജപ്പൻ അത്ഭുതപ്പെട്ടുപോയി. ജാനമ്മയെ നേരിൽകാണാൻ അവൻ അമ്പലപ്പുഴയിലെത്തിയെങ്കിലും വിധി അവനെതിരായിരുന്നു. വഴിയിൽവെച്ചുതന്നെ അവൻ കൊച്ചുപപ്പുവിനെ കണ്ടു. ജാനമ്മയെ കാണാനോ അവളുമായി സംസാരിക്കാനോ കൊച്ചുപപ്പു രാജപ്പനെ അനുവദിച്ചില്ല. ജാനമ്മയുടെ അവസാന പ്രതീക്ഷയും അസ്തമിച്ചു. ആ വിവാഹബന്ധം തകർന്നു. നിരാശനായ രാജപ്പൻ നാടുവിടുകയും ചെയ്തു.

തന്റെ ശിങ്കിടിയായ ബീഡിതെറുപ്പുകാരൻ നാണുവിനെക്കൊണ്ട് ജാനമ്മയെ വിവാഹംകഴിപ്പിക്കാൻ കടുവാവാസു തീരുമാനിച്ചു. വാസുവിന്റെ കെണിയിൽ കൊച്ചുപപ്പു വീണുപോയി. ജാനമ്മ

യുടെ എതിൎപ്പിനൊന്നും യാതൊരുവിലയുമുണ്ടായില്ല. നാണുവും ജാനമ്മയുമായുള്ള വിവാഹം നടന്നു. എന്നാൽ—അവിടന്നങ്ങോട്ട് നാണുവിൻെറ ജീവിതത്തിൻെറ താളക്രമത്തിനു മാററമുണ്ടായി. സ്നേഹിക്കാനൊരാളുണ്ടായപ്പോൾ അവൻ നല്ല മനുഷ്യനായിമാറി. വാസുവിൻെറ കടിലമോഹം അങ്ങനെ വെറും മരീചികയായിത്തീൎന്നു. വാസുവും നാണുവും ശത്രുതയിലായി.

ജാനമ്മയെ നാണു ജീവനിലുപരിയായി സ്നേഹിച്ചു. അഹോരാത്രം ജോലിചെയ്ത് അവൻ ഭാര്യയെപുലൎത്തി. ജാനമ്മ ഗൎഭിണിയായി. ഇതിനിടയിൽ കഞ്ഞുപണിക്കൻ മരിച്ചു. നാട്ടുവിട്ടുപോയ രാജപ്പൻ തിരിച്ചുവന്നു. ജാനമ്മ നല്ലവളാണെന്നും താനവളെ തെററിദ്ധരിച്ചതിൽ പശ്ചാത്തപിക്കുന്നുവെന്നും കൊച്ചിരിക്കാളി പറഞ്ഞു. രാജപ്പൻെറ സമനിലതെററി.. നെടുവീൎപ്പുകൾ ഘനീഭവിച്ചുണ്ടായ ത്രപംപോലെ അവൻ ഒതുങ്ങികൂടി.

ജാനമ്മയ്ക്കു പ്രസവവേദന തുടങ്ങിയ രാത്രിയിൽ പതിച്ചിയെ വിളിക്കാൻ പ്രാണൻ കളഞ്ഞോടുന്ന നാണുവിനെ വാസു അടിച്ചുവീഴ്ത്തുന്നു. ജാനമ്മയും നാണുവും ഒരേസമയം ആശുപത്രിയിലായി. തൻെറ കൈവശമുണ്ടായിരുന്ന പണം മുഴുവൻ രാജപ്പൻ അവൎക്കവേണ്ടി ചിലവാക്കി. എന്നാൽ നാണുവിൻെറ കട്ടിയെ പ്രസവിച്ചുകഴിഞ്ഞ ജാനമ്മ വീണ്ടും രാജപ്പനെ കാണാൻ ഇഷ്ടപ്പെട്ടില്ല. ആ കാര്യം അവൾ തുറന്നുപറയുകയും ചെയ്തു. എങ്കിലും രാജപ്പൻെറ തിരിച്ചുവരവ് നാണുവിൽ സംഭ്രാന്തിയുളവാക്കി. അവൻ വീണ്ടും മദ്യപിച്ചു. പതിവില്ലാതെ ജാനമ്മയെ തല്ലി. അന്നുരാത്രി ജാനമ്മയുടെ കുടിലിൽ വെച്ച് കട്ടവാവാസു കൊല്ലപ്പെട്ടു.

ജാനമ്മ പലതും കണ്ടു; പലതും അനുഭവിച്ചു. കൊലക്കുററം ചുമത്തി അവളെ പോലീസ് അറെസ്ററുചെയ്യുകയും ചെയ്തു. വിധി അവളുടെ ജീവിതം വെച്ചു പന്താടുകയായിരുന്നു—ഇനിയൊരിക്കലും അവൾക്ക പഴയസുഖവും സംതൃപ്തിയും തിരിച്ചുകിട്ടുകയില്ലേ? മനുഷ്യപുത്രിയായ ആ വേഴാമ്പലിൻെറ ദാഹം തീരുകയില്ലേ? നിങ്ങളുടെ അടുത്ത തിയേററിലേക്ക് വേദനയുടെ ഈണം പാടിപറന്നുവരുന്ന ഈ കാക്കത്തമ്പുരാട്ടിയെ നേരിൽ കണ്ടു മനസ്സിലാക്കുക! അപവാദം പറഞ്ഞുപരത്തി നിരപരാധികളായ പെൺകട്ടികളെ ദുഃഖത്തിൻെറ നീൎച്ചുഴിയിലേക്ക തള്ളിവിടുന്ന സാമൂഹ്യവിരുദ്ധജീവികൾക്ക് ഈ കഥ ഒരു പാഠമായിരുന്നെങ്കിൽ !!!

# ഗാനങ്ങൾ

രചന: ശ്രീകുമാരൻതമ്പി

ഗാനം: ഒന്ന്

യേശുദാസ്

അമ്പലപ്പുഴ വേലകണ്ടു ഞാൻ
തമ്പുരാട്ടി നിന്റെനടയിൽ
തങ്കവിഗ്രഹദേഹവടിവിൽ...........
(അമ്പല........)

ആശകൾ കൈക്കുമ്പിളിലും
ആ മനോഹര നീലമിഴിയിൽ
ആയിരം തൃക്കാർത്തികകണ്ടു-പൂമാരികണ്ടു
കവിളിൽ കളകാഭിഷേകം കണ്ടു...........
(അമ്പല........)

കട്ടിയാവു ഞൊറിഞ്ഞുടുത്തു്
കവിളിൽ നാണച്ചോപ്പണിഞ്ഞു്
സന്ധ്യചുംബന ലഹരിയിൽനില്പൂ-കവിളത്തുനീയും
സന്ധ്യാസിന്ദൂരം ചാത്തു...........
(അമ്പലപ്പുഴ)

## രചന: പി. ഭാസ്കരൻ

ഗാനം: രണ്ട് — ജാനകി

ഉത്രട്ടാതിയിലുച്ചതിരിഞ്ഞപ്പോൾ
വട്ടക്കായലിൽ വള്ളംകളി
പുല്ലാനിവരമ്പത്തു കളികാണാൻ-എന്റെ
കല്യാണച്ചെറുക്കനും ഞാനുംപോയി........
....(ഉത്രട്ടാ........)

അഞ്ജനക്കണ്ണിന്റെ തിളക്കംകണ്ടപ്പോൾ
അങ്ങേതിൽപ്പെണ്ണുങ്ങൾ കളിയാക്കി
കണ്ണാടികവിളിലെ സിന്ദൂരംകണ്ടപ്പോൾ
കിന്നാരം പറഞ്ഞവർ ചിരിതൂകി........
....(ഉത്രട്ടാ........)

കായൽത്തിരകൾക്കുകുമ്മിയടി-എന്റെ
കളിത്തോഴിമാർക്കോ കൂട്ടചിരി
ഞാനൊന്നു നോക്കിയപ്പോൾ മണിമാരൻ തന്റെ
കണ്ണിന്റെ മണികളിലോണക്കളി........
....(ഉത്രട്ടാ........)

രചന: ശ്രീകുമാരൻതമ്പി

ഗാനം: മൂന്ന്                    ജയചന്ദ്രൻ

വെള്ളിലക്കിങ്ങിണി താഴ്‌വരയിൽ
വെള്ളാമ്പൽപൊയ്കതൻ കല്പടവിൽ
തുള്ളിതുള്ളിക്കളിയാടിവന്നൊരു
ചെമ്മരിയാട്ടിൻകുട്ടി.........

....(വെള്ളില.......)

ചോരമണത്തുമണത്തൊരുചെന്നായ്
നീരാട്ടുകടവിൽവന്നു
അക്കരെനില്ക്കും ആട്ടിൻകുട്ടിയെ
ഇക്കരെനിന്നുകൊതിച്ചു........

....(വെള്ളില........)

ദാഹമടക്കാനുള്ളൊരുവെള്ളം
നീയെന്തിനായിക്കലക്കി
ചെന്നായങ്ങിനെ ചോദിച്ചപ്പോൾ
കുഞ്ഞുകിടാവുപറഞ്ഞു.
തള്ളമരിച്ചൊരുചെല്ലക്കുട്ടി
ചെയ്തിട്ടില്ലൊരുതെറ്റും
കൊല്ലരുതെന്നെ ഞാനൊരനാഥ
തള്ളരുതെന്നെയിരുളിൽ........

....(വെള്ളില........)

ചെന്നായ് നാവുനുണഞ്ഞുകുതിച്ചു
ചെമ്മരിയാട്ടുപിടഞ്ഞു
വെള്ളാമ്പൽപ്പൂഞെട്ടിയുലഞ്ഞു
വെള്ളിലക്കാട്ടുകരഞ്ഞു........

....(വെള്ളില........)

രചന: ശ്രീകുമാരൻതമ്പി

ഗാനം: നാല്              യേശുദാസ്: ജാനകി

സ്ത്രീ:- പഞ്ചവർണ്ണപൈങ്കിളികൾ
ഭജനപാടിയരാവിൽ
പാട്ടുകേട്ടു കാട്ടുപൂവിനു
കരളുനൊന്തരാവിൽ
പറയിതന്നുയിർ പറയൻപാടിയ
പാട്ടിൻരാഗമായ്മാറി
പാലപൂത്തപുഴക്കടവിൽ
മാലചാർത്തിനിന്നു-അവൻമാലചാർത്തിനിന്നു.

പു:- മലവെള്ളമിരമ്പിമറിഞ്ഞു
മഴവില്ലിൻ തോണിചരിഞ്ഞു
മാടത്തപൈങ്കിളിപ്പെണ്ണിൻ
മണിമാളികവീണുതകർന്നു
ഇണയെവിടെ-കിളിയേ ഇണയെവിടെ

സ്ത്രീ:- കവിതപാടിമാരൻ-കളിതുനല്ലിമാരൻ
കവിളിണയിൽ കൈവിരലാൽ കളമെഴുതിമാരൻ
കാലമെല്ലാം കരളുപോലെ കാത്തിടാമെന്നോതി
പറയിപ്പെണ്ണിൻ പാരിജാതം കവർന്നെടുത്തു കള്ളൻ

പു:- കണികാണാൻ പൂങ്കുലയില്ലാ
കതിരേകാൻ പൊൻവയലില്ലാ
കല്ല്യാണച്ചെക്കനെതേടി-കാടായകാട്ടുകൾചുററി
ഇണയെവിടെ കിളിയേ ഇണയെവിടെ...........

(പഞ്ച.......)

രചന: പി. ഭാസ്കരൻ

ഗാനം : അഞ്ച് യേശുദാസ്

കണ്ണുനീരിൽ പെരിയാററിൽ മലവെള്ളംപൊങ്ങി
പൂങ്കിനാവിൻ കളിവള്ളം മുങ്ങി...........
(കണ്ണു.......)

നീന്തിനീന്തി നീ ചെന്നതക്കരെ-
നീരൊഴുക്കിൽ ഞാനടിഞ്ഞതിക്കരെ
കാററലറും കടലിരമ്പും കർക്കിടകത്തിൽ
എൻെറ കാക്കത്തമ്പുരാട്ടി എന്നെവേർപിരിഞ്ഞു........
(കണ്ണു.....)

ഈ നദീതൻ തീരഭൂവിൽ പണ്ടുനാം
പ്രാണഹർഷംകൊണ്ടെഴുതിയകഥകളേ-കഥകളേ
കാലവർഷനീലമേഘം മാച്ചുകളഞ്ഞു
ഇന്നീ കാളരാത്രിമാത്രമെൻെറ കൂട്ടിനുവന്നു.......
(കണ്ണു........)

# തിരയ്ക്കു് പിന്നിൽ

കഥയും സംഭാഷണവും ... ശ്രീകുമാരൻ തമ്പി
ഗാനരചന ... പി. ഭാസ്കരൻ,
ശ്രീ കുമാരൻ തമ്പി
സംഗീതം ... കെ. രഘുനാഥ്
റിക്കോഡിങ്ങും
റീറിക്കോഡിങ്ങും ... കണ്ണൻ (രേവതി)
ശബ്ദലേഖനം ... സതീശൻ
നൃത്തസംവിധാനം ... കലാമണ്ഡലം
മാധവൻ
കലാസംവിധാനം ... എസ്. കൊന്നനാട്ട്
പ്രിൻറിങ്ങും പ്രോസസ്സിങ്ങും... പരമേശ്വരൻ
സ്റ്റുഡിയോ ... പ്രകാശ്
ലാബറട്ടറി ... എ. വി. എം. ഫിലിം
ലാബറട്ടറി
നിശ്ചലചിത്രങ്ങൾ ... ത്രീ സ്റ്റാഴ്സ്
പ്രസിദ്ധീകരണം ... എസ്. എ. നായർ
വിതരണം ... രാജ്ശ്രീ
പിക്ച്ചേഴ്സ്
നിർമ്മാണനിയന്ത്രണം ... വർഗ്ഗീസ് മാത്യു
ബി.എസ്സി.ബി.എൽ.
നിർമ്മാണ ഭാരവാഹികൾ ... എം. ജെ. കുരിയൻ,
പി. സി. ജോർജ്ജ്, തൊടുപുഴ
മേക്കപ്പ് ... നാരായണൻ
വസ്ത്രാലങ്കരണം ... ഗോവിന്ദരാജ്
പശ്ചാത്തല സംഗീത
സംവിധാനം ... പുകഴേന്തി
ചിത്രസംയോജനം ... കെ. നാരായണൻ
സംവിധാനസഹായി ... പി. വിജയൻ
ഛായാഗ്രഹണം ... ഡി. വി. രാജാറാം
നിർമ്മാതാക്കൾ ... പി. സി. ഇട്ടൂപ്പ്,
സി. ജെ. ബേബി

**സംവിധാനം ... പി. ഭാസ്കരൻ**

വരുന്നു!

**രാജശ്രീ പ്രൊഡക്ഷൻസ്**

## ജീവൻ മൃത്യു

(മലയാളം—ഈസ്റ്റ്മൻകളർ)

**രാജശ്രീ പ്രൊഡക്ഷൻസ്**

## മുത്തശ്ശി

(മലയാളം—ഈസ്റ്റ്മൻകളർ)

സംവിധാനം: പി. ഭാസ്ക്കരൻ

★

**ജമ്മു പിക്ച്ചേഴ്സ്**

## പ്രിയ (മലയാളം)

(ലില്ലിചക്രവത്തി–മധു–ജയഭാരതി Etc.)

സംവിധാനം: മധു

★

**ശ്രീകാന്ത് പ്രൊഡക്ഷൻസ്**

## മൂന്നു പൂക്കൾ (മലയാളം)

സത്യൻ–നസീർ–മധു–ഷീല–അംബിക Etc.

സംവിധാനം: പി. ഭാസ്കരൻ

★

**സേതുമാധവൻെറ പുതിയ മലയാളചിത്രം**

★

**പ്രൊസ്പെരററി പിക്ച്ചേഴ്സ്**

## ഗോപി

(ഹിന്ദി—ഈസ്റ്റ്മൻകളർ)

ദിലീപ്കുമാർ_സൈരാബാനു–പ്രാൺ Etc.

സംഗീതം: കല്യാൺജി-ആനന്ദ്ജി

സംവിധാനം: A. ഭീംസിംഗ്

Rajshri Pictures (P) Ltd., Cochin-11, Phone: 32761

Taj Printers, Cochin-16. Phone: 32888